പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ഇന്ദിരാ ആവാസ് യോജനയനുസരിച്ച് കേന്ദ്രം അനുവദിച്ച വീടുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4632

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2013-2014 വർഷത്തിൽ ഇന്ദിരാ ആവാസ് യോജനയനുസരിച്ച് കേന്ദ്രം എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 45738 വീടുകൾ |
| (ബി) | ഇവയുടെ ഗുണഭോക്താക്കളിലാരെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഐ.എ.വൈ. പദ്ധതി പ്രകാരം പുതിയ വീടുകൾക്കായി 42,125 പേരും, വീട് പുനരുദ്ധാരണത്തിനായി 1906 പേരും എഗ്രിമെന്റ് വെച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇനത്തിൽ ഈ വർഷം കേന്ദ്രം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | ഈ ഇനത്തിലായി കേന്ദ്രഗവൺമെന്റ് 21741.849 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോട് കൂട്ടിച്ചേർക്കേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഐ.എ.വൈ.ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000/- രൂപയാണ്. ഇതിൽ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. കേരളത്തിലെ വർദ്ധിച്ച നിർമ്മാണ ചെലവ് പരിഗണിച്ച് കേരള സർക്കാർ എസ്.സി./ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും പട്ടിക വർഗ്ഗത്തിന് 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന് വരുന്ന അധിക ബാധ്യതയിൽ 50,000/- രൂപ കേരള സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ബാക്കി വരുന്ന തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 25:50:25 അനുപാതത്തിൽ നൽകുന്നുണ്ട്. |
| (ഇ) | എത്ര പണം കേന്ദ്ര വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | കേന്ദ്ര വിഹിതത്തിൽ നിന്ന് 20562.01 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ